# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 നവംബർ 25 മുതൽ നവംബർ 29 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 94/2020 | തീയ്യതി: 24/11/2020 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.8 – 34.2 | 23.0 – 25.5 | 56– 89 | 0-06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 25.11.2020 | 26.11.2020 | 27.11.2020 | 28.11.2020 | 29.11.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 1 | 4 | 2 | 0 | 0 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 270 | 230 | 230 |
| മേഘ വിന്യാസം, ഒക്ടാ | 2 | 6 | 4 | 3 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ശക്തി കുറഞ്ഞ ഒറ്റപ്പെട്ട മഴ ലഭിച്ചേക്കും.<br>നെല്ല്, റബ്ബർ, കൊപ്ര എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക | | |
| നെല്ല് | വിവിധ ഘട്ടം | ഇലകരിച്ചിൽ  | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി (ഏക്കറിന് 2 കിലോ എന്ന തോതിൽഎന്ന തോതിൽ പാടത്തേക്കു വെള്ളം കയറുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക. രോഗാധിക്യം ഉണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ (ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി) തളിക്കുക. |

| | | | |
|---|---|---|---|
| നെല്ല് | വിവിധ ഘട്ടം | ഓല ചുരുട്ടിപ്പുഴു<br> | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കരിക്ക് പൊഴിച്ചിൽ<br> | കരിക്ക് പൊഴിച്ചിൽ കാണുകയും പൊഴിഞ്ഞു വീഴുന്ന മച്ചിങ്ങയുടെ മൊത്തിനു ചുറ്റും കൃത്യമായ അതിരുകളുള്ള അൽപ്പം കുഴിഞ്ഞ പാടുകൾ കാണുകയും ആണെങ്കിൽ കാലിക്സിൻ1 മില്ലി .1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്തിളക്കിയ ലായനിയിൽ അഗ്രോവെറ്റ് പശ ഒരു മില്ലി ലിറ്റർ വീതം കലർത്തി കുലകളിൽ തളിക്കണം . |
| പച്ചക്കറികൾ | വെള്ളരി വർഗ വിളകൾ:-<br>കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക. ഫിറമോൺ കെണികൾ നീലേശ്വരം കാർഷിക കോളേജിൽ ലഭ്യമാണ്.(ഫോൺ: 04672 280 616)<br><br>2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| വെള്ളരി വർഗ്ഗ വിള | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ്2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി തടയിൽ തളിക്കുക.<br><br>കീട ബാധ ഉണ്ടായാൽ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഫിപ്രോനിൽ 5 SC, 3 മില്ലി/ ലിറ്റർ) ഒഴിച്ച് കൊടുക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | രണ്ടടി ആഴത്തിൽ കുഴി ഉണ്ടാക്കി അതിൽ നിലത്തു വീണു കിടക്കുന്ന മാങ്ങകൾ ഇട്ടു മൂടുക.<br><br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (@ 1 trap/15സെന്റ്സ്) സ്ഥാപിക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി